KSEB
കേരളത്തിന്റെ ഊർജ്ജം

കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്

പേഴ്സണൽ ഡിപ്പാർട്ട്മെന്റ്
വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം
Phone :ടെലിഫോൺ - 0471 2514527, 2514608
ഇ മെയിൽ pokseb@gmail.com.

---

No.KSEBL/SEC/PD/1310/2024-CPO

Date: 11.06.2025

## പരിപത്രം

(നോട്ടീസ് ബോർഡിലേയ്ക്കും പ്രസിദ്ധീകരണത്തിനും വേണ്ടി )

**വിഷയം :-** വെൽഫയർ ഫണ്ടിൽ നിന്നും 2025 വർഷത്തേയ്ക്ക് വിദ്യാഭ്യാസ അവാർഡ് അനുവദിക്കുന്നത് - സംബന്ധിച്ച്.

കെ.എസ്.ഇ.ബി വെൽഫയർ ഫണ്ടിലെ വ്യവസ്ഥകൾക്കനുസൃതമായി വെൽഫയർ ഫണ്ട് അംഗങ്ങളായ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മക്കളിൽ 2025 – ലെ 10 -)o ക്ലാസ്, പ്ലസ് ടു (കേരള / സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ/ഐ.എസ്.സി) പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും **A+ / 90%** മാർക്കോ അതിലധികമോ ലഭിച്ച വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്നും വിദ്യാഭ്യാസ അവാർഡിനായി അപേക്ഷകൾ ക്ഷണിക്കുന്നു. മേൽപ്പറഞ്ഞ യോഗ്യതയുള്ള 10 -)o ക്ലാസ്, പ്ലസ് ടു വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് പരിഗണിക്കുന്നതാണ്.

അർഹരായ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ, Samagra - Self Service - Application for educational award എന്ന ലിങ്ക് വഴി വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ 24.06.2025 ന് മുൻപ് സമർപ്പിക്കേണ്ടതാണ്. ഗസറ്റഡ് ഓഫിസർ അല്ലെങ്കിൽ കെ.എസ്.ഇ.ബി ലിമിറ്റഡിലെ സീനിയർ സൂപ്രണ്ട് / ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ / അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുള്ളവരോ അതിനു മുകളിലുള്ള ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയ, പൂർണ്ണ വ്യക്തതയുള്ള, മാർക്ക് ലിസ്റ്റിന്റെയും അതിനോടൊപ്പം വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ പാസ്ബുക്കിന്റെയും പകർപ്പുകൾ സമഗ്രയിൽ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. എ.ആർ.യു - വിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലെ സീനിയർ അസിസ്റ്റന്റും സീനീയർ സൂപ്രണ്ടും അപ്‌ലോഡ് ചെയ്ത മേൽ രേഖകൾ പരിശോധിച്ച്, എ.ആർ.യു മേധാവി അവാർഡിനുള്ള അർഹത ഉറപ്പു വരുത്തി തുടർനടപടികൾക്കായി സമഗ്ര വഴി സബ്മിറ്റ് ചെയ്യേണ്ടതാണ്.

എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ ഈ വിഷയമെത്തിക്കുന്നതിനു വേണ്ടി എ.ആർ.യു. മേധാവികൾ അവരുടെ കീഴിലുള്ള എല്ലാ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ ടി പരിപത്രത്തിന്റെ പകർപ്പ് പ്രദർശിപ്പിക്കുന്നതിനും വിവിധ ഓഫീസുകളിലെ സൺ റൈസ് / സ്റ്റാഫ് മീറ്റിംഗുകളിൽ പ്രസ്തുത വിഷയം അവതരിപ്പിക്കുന്നതിനും ഹാജർ പുസ്തകത്തിൽ പരിപത്രത്തിന്റെ പകർപ്പ് പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകേണ്ടതാണ്. മുൻ വർഷങ്ങളിൽ അവാർഡ് വിവരം യഥാസമയം അറിഞ്ഞില്ലായെന്ന് ജീവനക്കാരിൽ നിന്നും പരാതി ഉയർന്നിരുന്ന സാഹചര്യത്തിൽ മേൽ നിർദ്ദേശങ്ങൾ എല്ലാ ഓഫീസുകളിലും നടപ്പിൽ വരുത്തിയെന്നും, വിദ്യാഭ്യാസ ക്യാഷ് അവാർഡ് RTGS / NEFT മുഖാന്തിരം മാത്രം ജേതാക്കളായ വിദ്യാർത്ഥികളുടെ

AnyScanner

അക്കൗണ്ടിലേയ്ക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ, സമർപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വിദ്യാർത്ഥിയുടേതാണെന്ന് എ.ആർ.യു മേധാവി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

സമഗ്ര വഴി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രം അവാർഡിനായി പരിഗണിക്കുകയുള്ളൂ എന്നതിനാൽ, അപേക്ഷയുടെ ഹാർഡ് കോപ്പി യാതൊരു കാരണവശാലും ഈ കാര്യാലയത്തിലേയ്ക്ക് അയക്കേണ്ടതില്ല. വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം മാത്രം സ്വീകരിക്കുന്നതിനാലും ഇതിനായുള്ള സൗകര്യം 24/06/2025-ന് സമഗ്രയിൽ അവസാനിക്കുന്നതിനാലും ജീവനക്കാർ നിശ്ചയിച്ചിരിക്കുന്ന സമയത്തിന് മുൻപ് തന്നെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. മേൽ സമയപരിധിയ്ക്ക് ശേഷം ഈ കാര്യാലയത്തിലേയ്ക്ക് നേരിട്ട് ലഭ്യമാക്കുന്ന അപേക്ഷകളും പരിഗണിക്കുകയില്ല എന്നറിയിക്കുന്നു.

Ram Mahesh .R

Secreatry, KSEB EWF

AnyScanner